**13 -ാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2519** **09/12/2014 - ൽ മറുപടിയ്ക്ക്**

**സർക്കാർ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. കെ. വി. വിജയദാസ് | കുമാരി. പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടിക വർഗ വികസന വകുപ്പിൽ പുതിയതായി പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാം; ഇതിൽ നടപ്പിലാക്കിയ പദ്ധതികളും അവയുടെ വിശദ വിവരങ്ങളും നൽകുമോ; കൂടാതെ, ഏതെല്ലാം പദ്ധതികളാണു നടപ്പിലാക്കാൻ കഴിയാതെ പോയത്; വിശദവിവരം നൽകുമോ; | (എ) പ്രഖ്യാപിച്ച പദ്ധതികൾ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഗോത്രസാരഥി പദ്ധതി നിലവിൽ എവിടെയെങ്കിലും നിർത്തലാക്കിയതായി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ, വിശദ വിവരം നൽകുമോ; | (ബി) ഗോത്രസാരഥി പദ്ധതി നിലവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തൊട്ടാകെ തെരഞ്ഞെടുക്കപ്പെട്ട സ്ക്കൂളുകളിൽ നടപ്പാക്കി വരുന്നുണ്ട് |
| (സി) ആറളത്തെ കുട്ടികൾക്കു പഠനത്തിനായി സ്കൂളിൽ പോകുന്നതിനുള്ള യാത്രാസൗകര്യം മുടങ്ങിയതായുള്ള മാദ്ധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ, എന്തുകൊണ്ട് പ്രസ്തുത യാത്രാസൗകര്യം മുടങ്ങി; വിശദ വിവരം നൽകുമോ ? | (സി) ഇല്ല. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

### 2011-12സാമ്പത്തികവർഷത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ

1. എസ്.എസ്.എൽ.സി പരീക്ഷയിൽ എ, എ+ ഗ്രേഡ് കിട്ടുന്ന കുട്ടികളെ എൻട്രൻസ് പരീക്ഷയ്ക്ക് സജ്ജരാക്കുന്നതിനുളള പദ്ധതി.
2. അവിവാഹിതരായ അമ്മമാരുടെ പുനരധിവാസത്തിനുളള പദ്ധതി
3. തൊഴിലവസരങ്ങളെകുറിച്ചും ഉന്നത വിദ്യാഭ്യാസത്തെ കുറിച്ചും വിവരങ്ങൾ നൽകുന്നതിനായി പട്ടികവർഗ്ഗ പ്രദേശങ്ങളിൽ സഹായി കേന്ദ്രങ്ങൾ തുടങ്ങുന്ന തിനുളള പദ്ധതി.
4. പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗതമായി ജോലി ചെയ്യുന്ന സ്ഥലങ്ങളുടെ സംരക്ഷ ണം.
5. പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാംസ്ക്കാരിക വികസനത്തിനായി കമ്മ്യൂണിറ്റി ഹാളുകൾ ~~നിർമ്മിക്കുന്നതാണ്~~ നിർമ്മാണം.
6. പ്രാക്തനഗോത്രവർഗ്ഗക്കാരുടെ സംയോജിത വികസനത്തിനും ജീവനോപാധി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുമുളള പദ്ധതി.
7. പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതി

### 2012-13 സാമ്പത്തികവർഷത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ

1. തൊഴിൽ രഹിതരായ 500 പട്ടികവർഗ്ഗ യുവതികൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകുകയും ആയത് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ജീവനോപാധി എന്ന നിലയിൽ ആട്ടോറിക്ഷാ വാങ്ങി നൽകുന്ന പദ്ധതി.
2. അരിവാൾരോഗം ബാധിച്ച പട്ടികവർഗ്ഗക്കാർക്ക് ഒരു സാന്ത്വനമെന്ന നിലയിലും അവർക്ക് അത്യാവശ്യം മരുന്നും മറ്റ് ജീവനോപാധികളും വാങ്ങുന്നതിനായി പ്രതിമാസം 1000 രൂപ വീതം ധനസഹായം അനുവദിക്കുന്ന പദ്ധതി
3. പട്ടികവർഗ്ഗക്കാരായ വംശീയവൈദ്യന്മാരെ പ്രോൽസാഹിപ്പിക്കുന്നതിനും സഹാ യിക്കുന്നതിനുമായി വിതുര കേന്ദ്രമാക്കി ഒരു ആദിവാസി -പാരമ്പര്യ വൈദ്യപഠന കേന്ദ്രം ആരംഭിക്കുന്നതിനുളള പദ്ധതി.
4. പ്രത്യേക കേന്ദ്രസഹായപദ്ധതിയിൽ ഉൾപ്പെടുത്തി 4250 പേർക്ക് 6 കോടി രൂപ ചെലവിൽ സ്ഥിരം വരുമാനം ലഭ്യമാക്കുന്ന കാർഷിക സ്വയംതൊഴിൽ പദ്ധതി നട പ്പാക്കൽ

5. വനാവകാശ നിയമപ്രകാരം ഭൂമി ലഭ്യമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങൾക്കും അടിസ്ഥാന സൗകര്യ വികസന പദ്ധതി

6. തിരുവനന്തപുരത്ത് കുറ്റിച്ചലിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ

7. 2006ലെ പട്ടികവർഗ്ഗക്കാർക്കുള്ള വനാവകാശ നിയമ പ്രകാരം അർഹതപ്പെട്ട മുഴുവൻപേർക്കും പട്ടയം നൽകുന്ന പദ്ധതി. എറണാകുളത്തെ ട്രൈബൽ കോംപ്ലക്സിൻെറ നിർമ്മാണം പൂർത്തിയാക്കുന്ന പദ്ധതി.

8. ദക്ഷിണേന്ത്യയിലെ ഏക ആദിവാസി രാജാവായ കോവിൽമല രാജമന്നന് ആദിവാസി സംസ്ക്കാരത്തിന് അനുയോജ്യമായ രീതിയിൽ ഒരു രാജധാനി പണിയുന്നത്.

## 2013-14 സാമ്പത്തികവർഷത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ

1. ഗോത്രസാരഥി പദ്ധതി - ഉൾവനങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും പി.റ്റി.എയുടേയും സഹകരണത്തോടെ യാത്രാസൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതി.
2. വിതുരയിൽ ആദിവാസി വംശീയ വൈദ്യന്മാരുടെ ഗവേഷണസ്ഥാപനം വിപുലീകരിക്കുന്നതിനും വയനാട്ടിലും അട്ടപ്പാടിയിലും പുതിയ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുമുള്ള പദ്ധതി.
3. കണ്ണൂർ ജില്ലയിലെ ആറളത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഒരു പുതിയ മോഡൽ റസിഡൻഷ്യൽ സ്ക്കൂളും അട്ടപ്പാടിയിലെ അഗളിയിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റലും സ്ഥാപിക്കുന്നത്. പദ്ധതി
4. പട്ടികവർഗ്ഗക്കാരിലെ വംശീയ വൈദ്യന്മാർക്ക് ഇപ്പോഴത്തെ ജോലി തുടർന്ന് നടത്തുന്നതിനും ഗവേഷണങ്ങൾ നടത്തുന്നതിനും വർഷത്തിൽ 10000 രൂപാ വീതം ധനസഹായം നൽകുന്നപദ്ധതി .
5. പട്ടികവർഗ്ഗ അമ്മമാരുടേയും കുഞ്ഞുങ്ങളുടേയും പോഷകാഹാരകുറവ് പരിഹരിക്കുന്നതിനായി ജനനീ ജന്മരക്ഷാ പദ്ധതി.
6. അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി പരമാവധി ഒരു ലക്ഷം രൂപയുടെ ധനസഹായം അനുവദിക്കുന്നത്. പദ്ധതി
7. ഹാംലെറ്റ് വികസന പദ്ധതി- തെരഞ്ഞെടുത്ത പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുള്ള പദ്ധതി.

8. കൈതാങ്ങ് പദ്ധതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അനാഥരും നിരാലംബരും മാതാപിതാക്കളുടെ സംരക്ഷണം ലഭ്യമാകാത്തതുമായ കുട്ടികളെ സംരക്ഷിക്കുന്നവക്ക് പ്രതിമാസം 1000 രൂപാ ധനസഹായം നൽകുന്ന പദ്ധതി.
9. ആശിക്കുന്ന ഭൂമി ആദിവാസിക്ക് സ്വന്തം പദ്ധതി

## 2014-15 സാമ്പത്തികവർഷത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ

1. തെരഞ്ഞെടുത്ത 14 സങ്കേതങ്ങളുടെ സംയോജിത സുസ്ഥിര വികസന പദ്ധതിക്കായി അഡീഷണൽ ട്രൈബൽ സബ്പ്ലാനിൽ ഉൾപ്പേടുത്തി 150 കോടി രൂപ അനുവദിച്ചു.
2. പട്ടികവർഗ്ഗക്കാർക്കുള്ള കടാശ്വാസ പദ്ധതി
3. തൊഴിൽ/വിദ്യാഭ്യാസം/പരിശീലനം എന്നിവയ്ക്കായി സ്വന്തം ഭവനം വിട്ട് മറ്റ് പ്രദേശങ്ങളിലേയ്ക്ക് പോകേണ്ടി വരുന്ന പട്ടികവർഗ്ഗ വനിതകൾക്ക് അവരുടെ കുട്ടികളോടുകൂടി ഒരുമിച്ചുതാമസിക്കുവാൻ കഴിയുന്ന വിധത്തിൽ വിവിദോദ്ദേശ ഹോസ്റ്റലുകൾ ആരംഭിക്കുന്നതാണ്.
4. പട്ടികവർഗ്ഗത്തിലെ വ്യവസായ സംരംഭകർക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതി.

## പ്രഖ്യാപിത പദ്ധതികളിൽ നടപ്പിലാക്കാൻ കഴിയാതെ പോയ പദ്ധതികൾ

1. ദക്ഷിണേന്ത്യയിലെ ഏക ആദിവാസി രാജാവായ കോഴിമലരാജമന്നന് ഒരു രാജധാനി പണിയുന്ന ~~പദ്ധതി~~ [illegible]
2. വയനാട്ടിലും അട്ടപ്പാടിയിലും ആദിവാസി വംശീയ വൈദ്യന്മാർക്കുള്ള ഗവേഷണ സ്ഥാപനം തുടങ്ങുന്ന പദ്ധതി. മറ്റുപദ്ധതികൾ എല്ലാംതന്നെ നടപ്പിലാക്കിയതും നടപ്പിലാക്കുന്നതിന്റെ അന്തിമ ഘട്ടത്തിൽ എത്തിയവയുമാണ്.